# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/198/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 09

## എം.ജിയ്ക്ക് 9.9 കോടി രൂപയുടെ ഡി.എസ്.റ്റി ധനസഹായം
### ഗവേഷണ മികവിൽ സംസ്ഥാന സർവ്വകലാശാലകളിൽ എം.ജി ഒന്നാമതും ദേശീയ തലത്തിൽ എട്ടാം സ്ഥാനത്തും

മഹാത്മാ ഗാന്ധി സർവ്വകലാശാല ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ (ഡി.എസ്.റ്റി) 9.9 കോടി രൂപയുടെ ശാസ്ത്രഗവേഷണ ധനസഹായത്തിന് അർഹമായി. ശാസ്ത്രസാങ്കേതിക മേഖലയിലെ ഗവേഷണ മികവിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും ദേശീയ തലത്തിൽ എട്ടാം സ്ഥാനവും നേടി. ഡി.എസ്.റ്റി യുടെ പ്രമോഷൻ ഓഫ് യൂണിവേഴ്സിറ്റി റിസെർച്ച് ആന്റ് സയന്റിഫിക് എക്സലൻസ് (PURSE) സ്കീമിൽ പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 30 സർവ്വകലാശാലകളാണ് ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടത് കേരളത്തിൽ നിന്നും മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് പുറമെ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആന്റ് സയൻസ് മാത്രമാണ് ഈ പട്ടികയിൽ ഇടം നേടിയത്.

ശാസ്ത്ര ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ അംഗീകാര മാനദണ്ഡമായ എച്ച്-ഇൻഡക്സിനെ ആധാരമാക്കിയാണ് ഡി.എസ്.റ്റി ധനസഹായം നിശ്ചയിക്കുന്നത്. സർവ്വകലാശാലയിലെ വിവിധ ശാസ്ത്ര വകുപ്പുകളിൽ ലോക നിലവാരത്തിലുള്ള ഗവേഷണ സൗകര്യങ്ങൾ ഒരുക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മെച്ചപ്പെട്ട ഗവേഷണ അന്തരീക്ഷം ഒരുക്കുന്നതിനും 'പഴ്സ്' പദ്ധതിയിൽ അനുവദിച്ച തുക പ്രയോജനപ്പെടുത്തും.

മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് ഈ അംഗീകാരം നേടിക്കൊടുത്ത സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ബയോസയൻസസ്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ് എന്നീ വകുപ്പുകളിലെ അദ്ധ്യാപകരെയും ഗവേഷകരെയും വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അഭിനന്ദിച്ചു.

### പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും യൂണിവേഴ്സിറ്റി കോളജ് ഓഫ് അപ്ലൈഡ് സയൻസസിലെയും നാലാം സെമസ്റ്റർ എം.സി.എ (2014 അഡ്മിഷൻ റഗുലർ, 2011 മുതൽ 2013 വരെ അഡ്മിഷൻ സപ്ലിമെന്ററി/ലാറ്ററൽ എൻട്രി – 2015 അഡ്മിഷൻ റഗുലർ/2013 ആന്റ് 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 7 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 150 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 30 രൂപ വീതം (പരമാവധി 150 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് പരീക്ഷകൾ (റഗുലർ/2013 മുതലുള്ള അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി/2013ന് മുൻപുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 4ന് ആരംഭിക്കും. പരീക്ഷ തുടങ്ങി 15 ദിവസത്തിനുള്ളിൽ ഇന്റേണൽ മാർക്കുകൾ അപ്ലോഡ് ചെയ്യാത്ത കോളജുകൾ 500 രൂപയും, ഫലം പ്രഖ്യാപിക്കുന്നതുവരെ 1000 രൂപയും പിഴ അടയ്ക്കേണ്ടതാണ്.

## പുനഃക്രമീകരിച്ച തീയതി: ഡിസെർട്ടേഷൻ ഇവാലുവേഷനും വൈവാ വോസിയും

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (റഗുലർ സി.എസ്.എസ്/പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഡിസെർട്ടേഷൻ ഇവാലുവേഷനും വൈവാ വോസിയ്ക്കും നിശ്ചയിച്ചിരിക്കുന്ന തീയതി പുനഃക്രമീകരിച്ചു. അപേക്ഷകർക്ക് സർവ്വകലാശാല വെബ് സൈറ്റിൽ നിന്നും ടൈംടേബിൾ ലഭ്യമാണ്.

## പരീക്ഷാ ഫലം

2015 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ മോഡൽ മൂന്ന് ബി.ബി.എ, ബി.സി.എ, ബി.എസ്.ഡബ്ല്യു, ബി.ബി.എം., ബി.എഫ്.റ്റി, ബി.ടി.എസ് (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 1 വരെ സ്വീകരിക്കും.

2015 ആഗസ്റ്റ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ അക്വാകൾച്ചർ ആന്റ് ഫിഷ് പ്രോസസിങ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 26 വരെ സ്വീകരിക്കും.

2015 സെപ്തംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് (നോൺ സി.എസ്.എസ് – 2012ന് മുൻപുള്ള അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 30 വരെ സ്വീകരിക്കും.

2016 മാർച്ച് മാസം നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് (2014 അഡ്മിഷൻ – റഗുലർ മാത്രം) യു.ജി.സി സ്പോൺസേർഡ് സ്ട്രീം ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 26 വരെ സ്വീകരിക്കും.

## ഇന്റേണൽ മാർക്ക് അപ് ലോഡ് ചെയ്യുവാനുള്ള തീയതി നീട്ടി

രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഇന്റേണൽ മാർക്കുകൾ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി സെപ്തംബർ 19ന് 5 മണി വരെയായി ദീർഘിപ്പിച്ചു.

## കോളജുകൾ 20ന് തുറക്കും

എം.ജി സർവ്വകലാശാലയിലെ വിവിധ പഠന വിഭാഗങ്ങളും ഓട്ടോണമസ് ഉൾപ്പെടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളജുകളും ഓണം അവധിയ്ക്ക് ശേഷം സെപ്തംബർ 20ന് മാത്രമെ തുറന്നു പ്രവർത്തിക്കുകയുള്ളൂ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**